**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3407** **26-06-2024 - ൽ മറുപടിയ്ക്ക്**

**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | നൈപുണ്യ സംരംഭങ്ങളെ നിരീക്ഷിക്കുകയും ഏകോപിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നതിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | **(എ)** നൈപുണ്യ സംരംഭങ്ങളെ നിരീക്ഷിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നതിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രവർത്തനക്ഷമത കെയ്സിന്റെ ഭരണസമിതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തി, കൂടുതൽ ഫലപ്രദമാക്കുന്ന തിനുള്ള നിർദ്ദേശങ്ങൾ നൽകാറുണ്ട്. നൈപുണ്യ പരിശീലനത്തിന്റെ ഗുണഫലങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാക്കുന്നതിനായി ഒരു വികേന്ദ്രീകൃത നൈപുണ്യ വികസന മാതൃക കെയ്സ് തയ്യാറാക്കി നടപ്പിലാക്കി വരുകയാണ്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും, നൈപുണ്യ പരിശീലന രംഗത്ത് പ്രവർത്തിക്കുന്ന പൊതു- സ്വകാര്യ നൈപുണ്യ പരിശീലന സ്ഥാപനങ്ങളെ സംബന്ധിച്ചും, അവർ ലഭ്യമാക്കുന്ന നൈപുണ്യ പരിശീലന കോഴ്സുകൾ സംബന്ധിച്ചും, പരിശീലകരെ സംബന്ധിച്ചും, നൈപുണ്യ പരിശീലനത്തിനുള്ള അടിസ്ഥാനം സംബന്ധിച്ചും സമഗ്രമായ വിവരശേഖരണം നടത്തിവരുന്നു. പൊതു സ്വകാര്യ പരിശീലന സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് നൈപുണ്യ പരിശീലനം മികച്ച രീതിയിൽ വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനത്തിലാണ് കെയ്സ്. |
| (ബി) | നിലവിലുള്ളതും ഭാവിയിൽ വികസിക്കാൻ സാധ്യതയുള്ളതുമായ വ്യവസായ ആവശ്യങ്ങൾക്കായി നൈപുണ്യ വികസനം സാധ്യമാക്കുന്നതിന് കെ.എ.എസ്.ഇ. വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (ബി) | **(ബി)** നിലവിലുള്ളതും ഭാവിയിൽ വികസിക്കാൻ സാധ്യതയുള്ളതുമായ വ്യവസായ ആവശ്യങ്ങൾക്കായി നൈപുണ്യ വികസനം സാധ്യമാകുന്നതിന് കെയ്സ് വിവിധ ജില്ലകളിൽ വിവിധ മേഖലകളിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും പരിശീലനം നൽകുകയും ചെയ്തു വരുന്നു. നിലവിൽ കൊല്ലം ജില്ലയിലെ ചവറയിൽ സ്ഥിതിചെയ്യുന്ന |

| | | | |
|---|---|---|---|
| | | | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ മാനേജ്മെന്റ് ഉൾപ്പെടെ 6 -ഓളം മികവിന്റെ കേന്ദ്രങ്ങൾ കെയ്സിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. ഭാവിയിൽ നിരവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന ഡ്രോൺ ടെക്നോളജി, ലോജിസ്റ്റിക് പോലുള്ള മേഖലകളിൽ നൈപുണ്യ വികസനം നൽകുന്നതിന് വേണ്ടിയുള്ള മികവിന്റെ കേന്ദ്രങ്ങൾ കെയ്സിന്റെ കീഴിൽ ആരംഭിക്കുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്തുന്നതിന് കെ.എ.എസ്.ഇ. നൽകുന്ന സംഭാവനകൾ വിശദമാക്കുമോ? | (സി) | **(സി)** 2016-17 ലെ ബജറ്റ് പ്രസംഗത്തിൽകേരളത്തിലെ 10 ഗവണ്മെന്റ് ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാര ത്തിലേക്ക് ഉയർത്തുമെന്ന സർക്കാർ പ്രഖ്യാപനത്തിന്റെ ഭാഗമായി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ ഉൾപ്പെടുത്തി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ഇൻവെസ്റ്റ്മെന്റ് ബോർഡ് (കിഫ്ബി) മുഖേന ധനസഹായം ലഭ്യമാക്കി ടി പദ്ധതി ആരംഭിച്ചു. പദ്ധതി നടപ്പിലാക്കാനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ (KASE) ചുമതലപ്പെടുത്തുകയും പദ്ധതിയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ടിന്മേൽ കിഫ്ബി 82.5 കോടി രൂപയുടെ സാമ്പത്തിക അനുമതി നല്കുകയുമുണ്ടായി.<br><br>പ്രസ്തുത 10 ഐ.ടി.ഐകളിൽ ഏറ്റുമാനൂർ, ചന്ദനത്തോപ്പ്, കൊയിലാണ്ടി, ധനുവച്ചപുരം എന്നീ ഐ.ടി.ഐകൾ പൂർത്തീകരിച്ചു ഉദ്ഘാടനം ചെയ്തിട്ടുള്ള താണ്. ചെങ്ങന്നൂർ, മലമ്പുഴ, കട്ടപ്പന, കണ്ണൂർ ഗവ: ഐ.ടി.ഐ.കളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ചാലക്കുടി, കയ്യൂർ ഐ.ടി.ഐ.കളുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ